**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2760** **06-10-2025 - ൽ മറുപടിയ്ക്ക്**

**പുരപ്പുറ സോളാർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പുരപ്പുറ സോളാർ പദ്ധതി പ്രകാരം ഗാർഹിക ഉപഭോക്താക്കൾ സ്ഥാപിക്കുന്ന സോളാർ യൂണിറ്റുകളിൽ നിന്നുള്ള വൈദ്യുതിയുടെ വില, ഉപഭോക്താക്കൾക്ക് കെ. എസ്. ഇ. ബി നൽകുന്ന വൈദ്യുതിയുടെ വിലയേക്കാൾ കുറവാണോ; എങ്കിൽ ഒരു യൂണിറ്റിന് എത്ര രൂപയുടെ വ്യത്യാസമാണുള്ളത്; | (എ) | ഈ രീതിയിൽ താരതമ്യം ചെയ്യാൻ സാധിക്കില്ല. പുരപ്പുറ സോളാർ നിലയങ്ങൾക്ക്, നിലവിൽ നെറ്റ് മീറ്ററിംഗ് ബില്ലിംഗ് ആണ് ഉപയോഗിക്കുന്നത്. നെറ്റ് മീറ്ററിംഗ് പ്രകാരം, പകൽ സമയം ഉത്പാദിപ്പിച്ച് വൈദ്യുതി ശൃംഖലയിലേക്ക് നൽകുന്ന മിച്ച വൈദ്യുതി രാത്രി സമയത്ത് കെ.എസ്.ഇ.ബി.എൽ. ഉയർന്ന വിലയ്ക്ക്, വൈദ്യുതി കമ്പോളങ്ങളിൽ നിന്ന് വാങ്ങി തിരികെ നൽകുന്നുണ്ട്. ഇങ്ങനെ നൽകിയിട്ടും മിച്ചമുണ്ടാകുന്ന വൈദ്യുതിക്ക് വർഷവസാനം സംസ്ഥാന കമ്മീഷൻ നിശ്ചയിച്ച ആവറേജ് പൂൾഡ് പവർ പർച്ചേസ് കോസ്റ്റ് നിരക്കിൽ (നിലവിൽ യൂണിറ്റിന് 3.26 രൂപയാണ്) ഉപഭോക്താക്കൾക്ക് പണമായി തിരിച്ചു നൽകുന്നത്.<br><br>2024-25 വർഷത്തിൽ, മാർച്ച് 31ന് സോളാർ ഉത്പാദകരുടെ ക്രെഡിറ്റിൽ ഉണ്ടായിരുന്ന അധിക വൈദ്യുതിക്ക് 3 രൂപ 26 പൈസ നിരക്കിൽ സെറ്റിൽമെന്റ് നൽകുന്നതിന് കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ അംഗീകാരം നൽകിയിട്ടുള്ളതാണ്. ടി സെറ്റിൽമെന്റ് നിരക്ക് രാജ്യത്തെ മറ്റു സംസ്ഥാനത്തെ സെറ്റിൽമെന്റ് നിരക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ കൂടുതലാണ് |
| (ബി) | പുരപ്പുര സോളാർ പദ്ധതി നടപ്പാക്കുന്ന ഉപഭോക്താക്കൾക്ക് സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും ബോർഡും മറ്റു സ്ഥാപനങ്ങളും മുഖേന നൽകുന്ന സഹായങ്ങൾ എന്തൊക്കെയാണ്; ഓരോ വിഭാഗവും നൽകുന്ന സാമ്പത്തിക സഹായങ്ങളുടെ നിരക്ക് എത്രവീതമാണെന്ന് അറിയിക്കുമോ; | (ബി) | ഗാർഹിക മേഖലയിൽ സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ നവ പുനരുപയോഗ ഊർജ്ജ മന്ത്രാലയം 1kW-ന് 30,000/- രൂപ, 2 kW-ന് 60,000/- രൂപ, 3 kW-ന് 78,000/- രൂപ എന്ന നിരക്കിൽ സബ്സിഡി നൽകി വരുന്നു.<br><br>സംസ്ഥാന ഗവൺമെന്റിന്റെ സോളാർ പോളിസിയ്ക്ക് അനുസൃതമായി സൗരോർജ്ജ പ്ലാന്റിൽ നിന്നും ഉത്പാദിപ്പിച്ച് ആവശ്യത്തിന് ശേഷം ബാങ്ക് ചെയ്യുന്ന വൈദ്യുതിയ്ക്ക് യൂണീറ്റിന് **3.26** രൂപ നിരക്കിൽ |

| | | | |
|---|---|---|---|
| | | | ഉപഭോക്താവിന് തിരികെ നൽകുന്നു. നെറ്റ് മീറ്ററിംഗ് സംവിധാനം ഉപയോഗിച്ച് സൗരോർജ്ജ പ്ലാന്റിൽ നിന്നും ഗ്രിഡിലേയ്ക്ക് കൊടുക്കുന്ന വൈദ്യുതി, രാത്രി കാലങ്ങളിൽ വൈദ്യുതിയ്ക്ക് വിലകൂടിയ സമയത്ത് തിരികെ ഉപയോഗിക്കാൻ കഴിയുന്നു. കൂടാതെ സൗരോർജ്ജ പ്ലാന്റിൽ നിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതി സ്വന്തം ഉടമസ്ഥതയിലുള്ള മറ്റു കെട്ടിടങ്ങളിലേയ്ക്കു വീൽ ചെയ്ത് ഉപയോഗിക്കുവാനും കഴിയുന്നു |
| (സി) | പുരപ്പുര സോളാർ പദ്ധതി നടപ്പാക്കുന്ന ഉപഭോക്താക്കൾ നൽകുന്ന വൈദ്യുതിക്ക് കുറഞ്ഞ നിരക്ക് നൽകുകയും രാത്രികാലങ്ങളിൽ കൂടിയ നിരക്കിൽ അവർക്ക് വൈദ്യുതി വിൽക്കുകയും ചെയ്യുന്നത് ഉപഭോക്താക്കൾക്ക് നഷ്ടമുണ്ടാക്കുമെന്ന് സർക്കാർ കരുതുന്നുണ്ടോ; | (സി) | വൈദ്യുതി ആവശ്യകത താരതമ്യേന കുറഞ്ഞ പകൽ സമയത്ത്, ആവശ്യത്തിലധികം വൈദ്യുതി പുരപ്പുറ സൗരോർജ്ജത്തിൽ നിന്ന് ഉല്പാദിപ്പിച്ച് വൈദ്യുതി ശൃംഖലയിലേക്ക് നൽകുകയും വൈദ്യുതി ആവശ്യകത കൂടിനിൽക്കുന്ന രാത്രി സമയത്ത്, ഉപഭോക്താക്കൾ സൗജന്യമായി ഈ വൈദ്യുതി തിരിച്ചെടുക്കുകയും ചെയ്യുന്നത് കെ.എസ്.ഇ.ബി.എൽ.-ന് വലിയ സാമ്പത്തിക ബാധ്യതയാണ് ഉണ്ടാക്കുന്നത്.<br><br>രാജ്യത്ത് വൈദ്യുതിയുടെ നിരക്ക് ലഭ്യതയുടെയും ആവശ്യകതയുടെയും അടിസ്ഥാനത്തൽ പകൽ സമയത്തും വൈകുന്നേരത്തെ പീക്ക് സമയത്തും, രാത്രി കാലങ്ങളിലും വ്യത്യസ്തമാണ്. ഇതിന്റെ വിശദാംശങ്ങൾ പൊതു സഞ്ചയത്തിൽ ലഭ്യമാണ്.<br><br>പകൽ സമയത്ത് നിരക്കുകൾ യൂണിറ്റിന് 1/- രൂപ മുതൽ 3/- രൂപ വരെ ആകു മ്പോൾ പീക്ക് സമയത്ത് ഇത് 10/- രൂപയോളം ആണ്. രാത്രികാലങ്ങളിൽ നിരക്കുകൾ 6/- രൂപ മുതൽ 8/- രൂപ വരെയുണ്ട്. സോളാർ ഉത്പാദകർ പകൽ സമയത്ത് കെ.എസ്. ഇ. ബി.എൽ. ഗ്രിഡിലേക്ക് ബാങ്ക് ചെയ്യുന്ന വൈദ്യുതിയ്ക്ക് കേവലം 1/- രൂപ മുതൽ 3/- രൂപ വരെ മാത്രമാണ് വില വരുന്നത്. എന്നാൽ ഇതിനു പകരമായി വൈകുന്നേരങ്ങളിലും, രാത്രികാലങ്ങളിലും വൈദ്യുതി തിരികെ നൽകുന്നതിന് 6/- രൂപ മുതൽ 10/- രൂപ വരെ കൂടിയ നിരക്കിൽ വൈദ്യുതി വാങ്ങിയാണ്. പകൽ സമയത്ത് സോളാർ ഉൽപ്പാദകർ കെ.എസ്.ഇ.ബി.എൽ.-ന്റെ ഗ്രിഡിലേക്ക് ബാങ്കു ചെയ്യുന്ന വൈദ്യുതിയ്ക്ക് ലഭ്യമാകുന്ന വിലയുടെ മൂന്നിരട്ടിയിലധികം വിലയ്ക്ക് വൈദ്യുതി വാങ്ങിയാണ് പീക്ക് സമയത്തും, ഓഫ് പീക്ക് സമയത്തും കെ.എസ്.ഇ.ബി.എൽ., ടി ഉപഭോക്താക്കൾക്ക് ബാങ്ക് ചെയ്ത വൈദ്യുതി തിരികെ നൽകുന്നത്. |
| (ഡി) | എങ്കിൽ പുരപ്പുര സോളാർ പദ്ധതിയിൽ നിന്ന് ഉപഭോക്താക്കൾ പിന്നാക്കം പോകുന്നതിന് ഇടയാകും എന്നും പുനരുപയോഗ ഊർജ്ജം | (ഡി) | വികേന്ദ്രീയമായ സ്റ്റോറേജ് സംവിധാനം ഉപഭോക്താക്കൾ സ്ഥാപിക്കുന്നതു വഴി, പകൽ സമയത്ത് ലഭിക്കുന്ന അധിക വൈദ്യുതി സംഭരിച്ച് രാത്രി സമയത്ത് ഉപയോഗിക്കുന്നത് മൂലം |

| | | | |
|---|---|---|---|
| | പരമാവധി ഉൽപാദിപ്പിക്കുക എന്ന ആശയത്തെ ഇത് ദോഷകരമായി ബാധിക്കും എന്നും കരുതുന്നുണ്ടോ ; | | വൈദ്യുതിയുടെ ശൃംഖലയുടെ വികസനത്തിനും വിലകൂടിയ വൈദ്യുതി രാത്രി സമയം വാങ്ങുന്ന സാഹചര്യവും ഉപഭോക്താക്കൾക്ക് ഒഴിവാക്കാൻ സാധിക്കും. സംസ്ഥാന റഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച കരട് റെഗുലേഷനിൽ ഇത്തരത്തിലുള്ള വിവിധ നിർദ്ദേശങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. |
| (ഇ) | എങ്കിൽ കൂടുതൽ ജനങ്ങളെ ഇതിലേക്ക് ആകർഷിക്കുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാകുമോ ? | (ഇ) | വികേന്ദ്രീയമായ സ്റ്റോറേജ് സംവിധാനം ഉപഭോക്താക്കൾ സ്ഥാപിക്കുന്നതു വഴി, പകൽ സമയത്ത് ലഭിക്കുന്ന അധിക വൈദ്യുതി സംഭരിച്ച് രാത്രി സമയത്ത് ഉപയോഗിക്കുന്നത് മൂലം വൈദ്യുതിയുടെ ശൃംഖലയുടെ വികസനത്തിനും വിലകൂടിയ വൈദ്യുതി രാത്രി സമയം വാങ്ങുന്ന സാഹചര്യവും ഉപഭോക്താക്കൾക്ക് ഒഴിവാക്കാൻ സാധിക്കും. സംസ്ഥാന റഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച കരട് റെഗുലേഷനിൽ ഇത്തരത്തിലുള്ള വിവിധ നിർദ്ദേശങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ